©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 26th April 2011<br>2011 ഏപ്രിൽ 26<br>6th Vaisakha 1933<br>1933 വൈശാഖം 6 | No. നമ്പർ 915 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 59/2011/LBR. *Dated, Thiruvananthapuram, 26th April, 2011.*

**S. R. O. No. 284/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948), read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposals previously published under Notification No. 25581/E1/2010/LBR dated 15th December, 2010 in the Kerala Gazette Extraordinary No. 2865 dated 17th December, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in the Screen Printing Industry in the State of Kerala as specified in the Schedule hereto annexed. The said rates shall be deemed to come into force from the date of publication of this notification in the Gazette.

SCHEDULE

**1. Basic Wages**

| *Sl. No.* | *Category/Work* | *Monthly Basic Wages* |
|---|---|---|
| 1 | D. T. P. Operator | ₹ 4327 |
| 2 | Artist | |
| 3 | Screen Printer | |
| 4 | Helper | ₹ 3576 |
| 5 | Packer | |

**2. Dearness Allowance**

In addition to the basic wages, the employees of all categories shall be entitled for Dearness Allowance calculated on the basis of the latest available Consumer Price Index Numbers for each month published for the concerned District Headquarters by the Department of Economics and Statistics, Government of Kerala at the rate of ₹ 26.65 (Rupees Twenty Six and Sixty five paise) per point above 130 in the new series, ie., 1998-99=100 per month.

Since Consumer Price Index is not being published for Wayanad and Idukki Districts, Dearness Allowance for Wayanad and Idukki Districts shall be paid on the basis of the Consumer Price Index published for Meppadi and Munnar Centre respectively.

**3. Service Weightage**

The employees who have completed five years or more continuously in an establishment or under an employer, as on the date of commencement of this notification, shall be allowed service weightage included in their basic wages, at the rate of five percentage of the revised basic pay for every completed year of service, subject to a maximum of 15 percentage.

**4. Daily Wages**

The daily wages, in respect of the category of employees for whom monthly wages is fixed in this notification may be calculated by dividing the total monthly wages eligible for them by 26.

**5. Protection for higher wages**

Wherever any workman is presently in receipt of higher wages than the minimum rates of wages fixed in this notification, such workman shall continue to get such higher rate of wages.

By order of the Governor,

K. B. VALSALA KUMARI,
*Principal Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 25581/El/2010/LBR dated 15th December, 2010 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in the Screen Printing Industry in the State of Kerala.

This notification is intended to achieve the above object.

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 59/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ഏപ്രിൽ, 26.*

**എസ്. ആർ. ഒ. നമ്പർ 284/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2010 ഡിസംബർ 17-ാം തീയതിയിലെ 2865-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഡിസംബർ 15-ാം തീയതിയിലെ 25581/ഇ1/2010/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള

ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ച ശേഷം, കേരള സംസ്ഥാനത്തെ സ്ക്രീൻ പ്രിന്റിംഗ് വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്ന പ്രകാരം സർക്കാർ ഇതിനാൽ നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

## പട്ടിക

### 1. അടിസ്ഥാന വേതനം

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *പ്രതിമാസ അടിസ്ഥാന വേതനം* |
|---|---|---|
| 1 | ഡി. ടി. പി. ഓപ്പറേറ്റർ | ₹ 4327 |
| 2 | ആർട്ടിസ്റ്റ് | |
| 3 | സ്ക്രീൻ പ്രിന്റർ | |
| 4 | ഹെൽപ്പർ | ₹ 3576 |
| 5 | പാക്കർ | |

### 2. ക്ഷാമബത്ത

അടിസ്ഥാന വേതനത്തിന് പുറമെ, എല്ലാ വിഭാഗം ജീവനക്കാർക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃ വില സൂചികയിലെ 130 പോയിന്റിനുമുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 26 രൂപ 65 പൈസ (ഇരുപത്തി ആറ് രൂപ അറുപത്തി അഞ്ച് പൈസ) നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കും.

വയനാട്, ഇടുക്കി ജില്ലകൾക്കുവേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നില്ല എന്നതിനാൽ മേപ്പാടി, മൂന്നാർ കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചികയുടെ അടിസ്ഥാനത്തിൽ യഥാക്രമം വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

### 3. സർവ്വീസ് വെയിറ്റേജ്

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വന്ന തീയതി മുതൽ തുടർച്ചയായി 5 വർഷമോ അതിലധികമോ ഒരു സ്ഥാപനത്തിൽ അഥവാ ഒരു തൊഴിലുടമയുടെ കീഴിൽ സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ 5 വർഷത്തെ സേവന കാലയളവിനും അടിസ്ഥാന വേതനത്തിന്റെ 5 (അഞ്ച്) ശതമാനം എന്ന നിരക്കിൽ പരമാവധി 15 (പതിനഞ്ച്) ശതമാനം തുക സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി അനുവദിക്കേണ്ടതാണ്.

**4. ദിവസ വേതനം**

ഈ വിജ്ഞാപനത്തിൽ പ്രതിമാസ വേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗം ജീവനക്കാരുടെ ദിവസ വേതനം അവർക്ക് അർഹമായ മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചു കണക്കാക്കേണ്ടതാണ്.

**5. ഉയർന്ന വേതനത്തിന് സംരക്ഷണം**

ഏതെങ്കിലും തൊഴിലാളിക്ക് പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ നിരക്കിലുള്ള വേതനത്തെക്കാൾ ഉയർന്ന വേതനം എവിടെയെങ്കിലും നിലവിൽ ലഭിച്ചുവരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള തൊഴിലാളിക്ക് അത്തരത്തിലുള്ള ഉയർന്ന വേതനം തന്നെ തുടർന്നും ലഭിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വത്സല കുമാരി,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന സ്ക്രീൻ പ്രിന്റിംഗ് വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം വിജ്ഞാപനം ചെയ്ത 2010 ഡിസംബർ 15-ാം തീയതിയിലെ 25581/ഇ1/2010/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

33/1568/11.
PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.